(ബി) ഉണ്ടെങ്കിൽ സ്റ്റേ ചെയ്യാനുള്ള കാരണമെന്ത്;

(സി) അകപിസിഷൻ നടപടി ത്വരിതപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ നിവേദനത്തിൻമേൽ എന്തു നടപടി കൈക്കൊണ്ടു?

ഉത്തരം

(എ) ഉണ്ട്.

(ബി) കൃഷിക്കാരനായ സ്ഥലമുടമയ്ക്ക് ജീവിതമാർഗ്ഗമില്ലാതായി തീരുമെന്ന ഒരു നിവേദനത്തിന്റെ വെളിച്ചത്തിലാണ്.

(സി, ഡി) നിവേദനം ലഭിച്ചതായി കാണുന്നില്ല.

വാടക വർദ്ധനവ്

104 [308] ശ്രീ. തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ഒരു മാനദണ്ഡവുമില്ലാതെ വാടക വർദ്ധിപ്പിച്ചതുമൂലം തൃക്കടവൂർ പഞ്ചായത്തിന്റെ ഷോപ്പിംഗ് സെന്ററിൽ കച്ചവടം നടത്തുന്ന വ്യാപാരികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ച് ഗവൺമെന്റിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇപ്രകാരമൊരു നിവേദനം കിട്ടിയതായി കാണുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പാലക്കാട് വികസന അതോറിറ്റി

105 [310] ശ്രീ. ഇ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് വികസന അതോറിറ്റിയുടെ 1984-85-ലെ ആകെ ചെലവെത്ര;

(ബി) അതിൽ ശമ്പളം, യാത്രപ്പടി, വാടക എന്നീ ഇനങ്ങളിലെ ചെലവ് എത്ര?

ഉത്തരം

(എ) 5,44,139.52 രൂപ

(ബി) 1,67,399.00 രൂപ, 10,431.25 രൂപ, 22,176.00 രൂപ.

ശുദ്ധജല വിതരണ പദ്ധതികൾ

106 [311] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്കിന്റെ സഹായത്തോടുകൂടി ഈ വർഷം നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ ഏതെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly